Draft #18 of File 130536/AD B 3-1/2022/AD B 5 Approved by DEPUTY REGISTRAR II (ADMIN) on 21-Jan-2023 04:30 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല**

പ്രിയദർശിനി ഹിൽസ് , കോട്ടയം

## ക്വട്ടേഷൻ നോട്ടീസ്

ADBIII/മരങ്ങൾ/1/ 2023/ഭരണം 21.01.2023

സർവ്വകലാശാലയിലെ വിവിധ സ്ഥലങ്ങളിൽ നിൽക്കുന്ന ഒപ്പം ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള മരങ്ങൾ വിലയ്ക്ക് വാങ്ങി വെട്ടിനീക്കുന്നതിന് സന്നദ്ധരായവരിൽ നിന്നും മുദ്ര വച്ച കവറിൽ മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. **ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ നിരത ദ്രവ്യമായി 5,000/- (അയ്യായിരം രൂപ മാത്രം) രൂപ ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ് .** ക്വട്ടേഷനുകൾ ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണം)മഹാത്മാ ഗാന്ധി സർവ്വകലാശാല , പ്രിയദർശിനി ഹിൽസ് , കോട്ടയം 686560 എന്ന വിലാസത്തിൽ നേരിട്ടോ തപാലിലോ എത്തിക്കേണ്ടതാണ്.അവസാന തീയതി 02.02.2023 1.30 PM. **ക്വട്ടേഷനുകൾ 02.02.2023 2.30 PM ന് അസ്സംബ്ലി ഹാളിൽ വച്ച് നടക്കുന്ന ലേല നടപടികൾക്ക് ശേഷം തുറക്കുന്നതാണ്.** ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ / സ്ഥാപനത്തിന്റെ ഉടമയുടെ ആധാർ കാർഡ് / വോട്ടർ ID പകർപ്പ് , പാസ്പോർട്ട് സൈസ് ഫോട്ടോ , GST അക്കൗണ്ട് നമ്പർ (ലഭ്യമാണെങ്കിൽ ) എന്നിവ ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ് . ക്വട്ടേഷനുകൾ അടക്കം ചെയ്ത കവറിന് പുറത്ത് **ക്വട്ടേഷൻ-മരങ്ങൾ-ഫെബ്രുവരി -2023** എന്ന് രേഖപ്പെടുത്തണം. **105/- (GST ഉൾപ്പടെ) രൂപ അടച്ച് ADBIII** സെക്ഷനിൽ നിന്നും ക്വട്ടേഷൻ നോട്ടീസ് **02.02.2023 1.00 PM** വരെ കൈപ്പറ്റാവുന്നതാണ്

### മുറിച്ചുനീക്കേണ്ട മരങ്ങളുടെ പട്ടിക

| SL NO | മരത്തിന്റെ പേര് | മരങ്ങളുടെ എണ്ണം | മരം നിൽക്കുന്ന സ്ഥലം |
|---|---|---|---|
| 1 | പൊങ്ങല്യം | 3 | മുല്ലയാർ - പെരിയാർ സ്റ്റാഫ് ക്വാർട്ടേഴ്സിന് സമീപം |
| 2 | ചുണ്ടപ്പന | 1 | സർവകലാശാല കാമ്പസിന് അതിരിനോട് ചേർന്നുള്ള വീടിനു മുകളിലേക്ക് അപകടകരമായി നിൽക്കുന്നത് |
| 3 | മാഞ്ചിയം | 1 | പുതിയ പരീക്ഷാഭവനു പിറകിൽ ടീ സ്റ്റാളിനു മുൻവശം |
| 4 | മാഞ്ചിയം | 1 | സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസിനു സമീപം |
| 5 | പൊങ്ങല്യം | 1 | സ്കൂൾ ഓഫ് സോഷ്യൽ സയൻസ് |
| 6 | മാഞ്ചിയം | 1 | പെരിയാർ ക്വാർട്ടേഴ്സിന് സമീപം നിർമ്മലം എറോബിക് കമ്പോസ്റ്റ് യൂണിറ്റിന് മുകളിലേക്ക് നിൽക്കുന്നത് |
| 7 | പൊങ്ങല്യം | 1 | മീനച്ചിൽ ഹോസ്റ്റലിന് സമീപം |
| 8 | മാഞ്ചിയം | 1 | കബനി ഹോസ്റ്റലിന് സമീപം |
| | | | പല്ലന ഹോസ്റ്റലിന്റെ നടുത്തളത്തിൽ നിൽക്കുന്നതും |

| | | | |
|---|---|---|---|
| 9 | മുളം കൂട്ടം | 1 | ,മീനച്ചിൽ ഹോസ്റ്റലിനോട് ചേർന്ന് നിൽക്കുന്നതും. |

ഒപ്പ്

ഡെപ്യൂട്ടി രജിസ്ട്രാർ (II) ഭരണം

(രജിസ്ട്രാർ ക്ക് വേണ്ടി )

Draft #18 of File 130536/AD B 3-1/2022/AD B 5 Approved by DEPUTY REGISTRAR II (ADMIN) on 21-Jan-2023 04:30 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>മഹാത്മാ ഗാന്ധി സർവ്വകലാശാല</u>**

**<u>ക്വട്ടേഷൻ ഫോറം</u>**

ക്വട്ടേഷൻ നോട്ടീസ് **ADBIII/മരങ്ങൾ/1/2023/ഭരണം തീയതി 21.01.2023** പ്രകാരം മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ വിലയ്ക്ക് വാങ്ങി വെട്ടിനീക്കേണ്ട മരങ്ങൾ നേരിട്ട് കണ്ടു. ഇവ സർവ്വകലാശാല നിബന്ധനകൾക്ക് വിധേയമായി..............................രൂപയ്ക്ക്(......................................................................................)വാങ്ങി നീക്കുവാനുള്ള സന്നദ്ധത അറിയിക്കുന്നു

ഒപ്പ് :

പേര് :

വിലാസം :

ഫോൺ :

തീയതി :

മഹാത്മാ ഗാന്ധി സർവ്വകലാശാല, കേരളം

Draft #17 of File 130536/AD B 3-1/2022/AD B 5 Approved by DEPUTY REGISTRAR II (ADMIN) on 23-Jan-2023 02:28 PM - Page 1

Draft #16 of File 130536/AD B 3-1/2022/AD B 5 Approved by DEPUTY REGISTRAR II (ADMIN) on 23-Jan-2023 02:27 PM - Page 1

**മഹാത്മാ ഗാന്ധി സർവകലാശാല**

**ക്വട്ടേഷൻ /ലേല വ്യവസ്ഥകൾ**

1. ക്വട്ടേഷൻ ഫോറം 02.02.2023, 01.00 പി.എം വരെ എ.ഡി.ബി 3 സെക്ഷനിൽ നിന്നും കൈപ്പറ്റാവുന്നതാണ്. മുദ്ര വച്ച കവറിലുള്ള ക്വട്ടേഷനുകൾ രജിസ്റ്റേർഡ് തപാൽ മാർഗമോ നേരിട്ടോ ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണം ) വി ന് സമർപ്പിക്കേണ്ട അവസാന തീയതി 02.02.2023 1.30 പി.എം. ക്വട്ടേഷനൊപ്പം ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ/സ്ഥാപനത്തിന്റെ ഉടമയുടെ ആധാർ കാർഡിന്റെ പകർപ്പ് , പാസ്പോർട്ട് സൈസ് ഫോട്ടോ, GST അക്കൗണ്ട് നമ്പർ ലഭ്യമാണെങ്കിൽ അവയും സമർപ്പിക്കേണ്ടതാണ്

2.ലേല തിയതി 02.02.2023, 2.30 പി.എം. ലേലത്തിന് ശേഷം ക്വട്ടേഷനുകൾ തുറക്കുന്നതാണ് .അന്നേ ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്

3. ക്വട്ടേഷൻ സമർപ്പിക്കുന്നവരെ മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളു. **ക്വട്ടേഷൻ ഫോമിന്റെ വിലയായി 105/- രൂപ (GST ഉൾപ്പടെ)** രൂപ നൽകി ക്വട്ടേഷനുകൾ ADB3 സെക്ഷനിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

4.ക്വട്ടേഷനോ ലേലത്തിനോ ഏതിനാണോ കൂടുതൽ തുക വാഗ്ദാനം ചെയ്തത് ആ തുകയ്ക്ക് വില്പന സ്ഥിരപ്പെടുത്തുന്നതാണ്

5.ലേലം/ക്വട്ടേഷൻ ഉറപ്പിച്ചു ലഭിക്കുന്ന ആൾ ടി പരിസരത്തെ മറ്റ് മരങ്ങൾക്കോ വസ്തു വകകൾക്കോ നാശനഷ്ടങ്ങൾ സംഭവിക്കാതെ മരങ്ങൾ മുറിച്ചുമാറ്റേണ്ടതാണ്. മരങ്ങളുടെ മുറിച്ചു നീക്കൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ മാത്രം നിർവഹിക്കേണ്ടതാണ്.

6.ലേലം/ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി നിശ്ചിത ദിവസത്തിനകം ബാക്കി തുക അടയ്ക്കാതെ പിന്മാറുന്ന പക്ഷം പുനർ വിൽപനയിൽ ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ബന്ധപ്പെട്ട ലേലം ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി ഉത്തരവാദിയായിരിക്കുന്നതാണ്. നിരത ദ്രവ്യം ഉൾപ്പടെ അതുവരെ അടച്ച എല്ലാ തുകയും സർവ്വകലാശാല അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതും നഷ്ടം വരുന്ന തുക കോടതിച്ചെലവുൾപ്പടെ ഈടാക്കാനുള്ള നടപടി എടുക്കുന്നതുമാണ്

7.സർവ്വകലാശാല എസ്റ്റേറ്റ് ഓഫീസർ അടയാളപ്പെടുത്തിയ മരങ്ങൾ മാത്രമേ മുറിക്കുവാൻ പാടുള്ളു

8.മരങ്ങൾ മുറിക്കുന്നതും നീക്കം ചെയ്യുന്നതും ചുമതലയുള്ള സർവ്വകലാശാല ഉദ്യോഗസ്ഥരുടെ നിർദേശങ്ങൾക്കനുസരിച്ചായിരിക്കണം

9.പ്രത്യേക കാര്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലാതെയോ ഉറപ്പിച്ച ക്വട്ടേഷൻ/ലേലം റദ്ദാക്കുന്നതിനുള്ള അധികാരം സർവകാലാശാല രജിസ്ട്രാറിൽ നിക്ഷിപ്തമാണ്

10.ലേലം/ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിനും മരങ്ങൾ നേരിൽ കാണുന്നതിനും ADBIII സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ്

11. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തി ,ക്വോട്ട് ചെയ്ത തുകക്ക് പുറമെ 18 % ജി.എസ്.ടി യും , 5.25 % ഫോറെസ്റ്റ് ഡെവലപ് മെന്റ് ടാക്സും അടക്കേണ്ടതാണ്.

ഒപ്പ്

ഡെപ്യൂട്ടി രജിസ്ട്രാർ II(ഭരണം)
രജിസ്ട്രാർക്ക് വേണ്ടി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #16 of File 130536/AD B 3-1/2022/AD B 5 Approved by DEPUTY REGISTRAR II (ADMIN) on 23-Jan-2023 02:27 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം